"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം - വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥലംമാറ്റം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA-1404/2025, OA-1416/2025** നമ്പർ കേസുകളിലെ അന്തിമ ഉത്തരവ് - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**3369/2026/GEDN** തീയതി,തിരുവനന്തപുരം, **18-05-2026**

---

പരാമർശം:- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA-1404/2025, OA-1416/2025** നമ്പർ കേസുകളിലെ **29.09.2025** തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ മുൻപാകെ വൊക്കേഷണൽ ഇൻസ്ട്രക്ടർ **(ECG & AMT)** ശ്രീമതി. സ്മിത. ടി. എസ് ഫയൽ ചെയ്ത **OA-1404/2025,** വൊക്കേഷണൽ ഇൻസ്ട്രക്ടർ **(Clothing & Embroidery)** ശ്രീമതി. ഷേർലി. കെ. സി ഫയൽ ചെയ്ത **OA-1416/2025** നമ്പർ കേസുകളിലെ **29.09.2025**-ലെ മേൽ പരാമർശം ഉത്തരവ് പ്രകാരം **OA-1404/2025**-ലെ ഹർജിക്കാരിയുടെ **Annexure-A12** അപേക്ഷ പരിഗണിച്ചു് രണ്ട് മാസത്തിനുള്ളിൽ തീരുമാനത്തിൽ എത്തണമെന്നും **OA- 1416/2025** കേസിൽ ഹർജിക്കാരിയെയും മൂന്നാമത് എതിർ കക്ഷിയെയും കേട്ട ശേഷം ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച **Annexure-A12** അപ്പീൽ തീർപ്പാക്കണമെന്നും ബഹു. ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2. ബഹു. ട്രിബ്യൂണൽ നിർദേശ പ്രകാരം, സർക്കാർ **OA-1404/2025,** കേസിലെ ഹർജിക്കാരിയെയും **OA-1416/2025** കേസിലെ ഹർജിക്കാരിയെയും മൂന്നാമത് എതിർ കക്ഷിയെയും **05.12.2025** തീയതിയിൽ പ്രത്യേകമായി കേട്ടു. അപേക്ഷകരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വാദഗതികൾ ചുവടെ ചേർക്കുന്നു.

**<u>ശ്രീമതി. സ്മിത. ടി. എസ് (OA-1404/2025)</u>**

ശ്രീമതി സ്മിത. ടി. എസ് വർക്കല ഗവ. **VHSE** യിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ **(ECG & AMT)** ആയി ജോലി ചെയ്തു വരുന്നു. കാൻസർ രോഗബാധിതയായ ടിയാൾ **2021** ഡിസംബർ മാസം മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ ചികിത്സയിൽ

തുടരുന്നു. **2022** സെപ്റ്റംബർ മുതലാണ് ടിയാൾ തിരുവനന്തപുരം ജില്ലയിൽ ജനറൽ ട്രാൻസ്ഫറിൽ അനുകമ്പാർഹ സാഹചര്യത്തിൽ ജോലി ചെയ്യാൻ തുടങ്ങിയത്. ജില്ലയിൽ ഒരൊഴിവ് മാത്രമുള്ള വിഷയമായതിനാൽ സ്വന്തം വീട്ടിൽ നിന്നും **60 km** ദൂരെ ജോലിസ്ഥലത്തിനടുത്ത് കുടുംബത്തോടൊപ്പം വാടകയ്ക്ക് താമസിക്കുകയാണെന്നും മാസത്തിൽ ഒരു തവണ ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പോകേണ്ടതുണ്ടെന്നും **02.08.2025**-ൽ പുറത്തിറക്കിയ കരട് ജനറൽ ട്രാൻസ്ഫർ ലിസ്റ്റിൽ തന്റെ ചികിത്സാ രേഖകൾ കൃത്യമായി പരിശോധിച്ചിട്ടുണ്ടോയെന്നു സംശയിക്കുന്നതായും വാദിച്ചിട്ടുണ്ട്. **Compassionate Rank list** പ്രകാരം തന്റെ റാങ്ക് **15** ആണെന്നും ജനറൽ ട്രാൻസ്ഫർ കരട് ലിസ്റ്റിൽ തന്നെ കോഴിക്കോട് നടക്കാവ് **VHSE** സ്കൂളിലേക്ക് സ്ഥലം മാറ്റി. തുടർ ചികിത്സ നടന്നു വരുന്നതിനാലും ശാരീരിരിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാലും തനിക്കു മറ്റൊരു ജില്ലയിൽ ജോലി ചെയ്യാൻ പ്രയാസമാണെന്നും പ്രായമായ മാതാപിതാക്കളും തന്നോടൊപ്പമാണെന്നും ഭർത്താവിന് അടുത്തിടെ ശസ്ത്രക്രിയ കഴിഞ്ഞതാണെന്നുമുള്ള സാഹചര്യങ്ങൾ പരിഗണിച്ചു തന്നെ ഇപ്പോൾ ജോലി ചെയ്തു വരുന്ന സ്കൂളിൽ നിലനിർത്തണമെന്നും ആവശ്യപ്പെടുന്നു. ജില്ലാടിസ്ഥാന ഒഴിവുകൾക്കു ആനുപാതികമായി അനുകമ്പാർഹ സ്ഥലം മാറ്റം നടത്തുമ്പോൾ ഒരു ജില്ലയിൽ ഒഴിവിന്റെ **50%** അധികരിക്കാൻ പാടില്ലായെന്ന വ്യവസ്ഥയുള്ളതിനാൽ സംസ്ഥാനത്തെ ജില്ലകളിൽ ഓരോ വേക്കൻസി വീതം മാത്രമുള്ള കോഴ്സിൽ അനുകമ്പാർഹ സ്ഥലം മാറ്റം ലഭിക്കാൻ സാഹചര്യം ഇല്ലാതെ വരുന്നതായും ആയതിനാൽ ഇത്തരം കോഴ്സുകളിൽ ജോലി ചെയ്യുന്ന തന്നെ പോലുള്ളവരെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ മെറിറ്റനുസരിച്ച് പരിഗണിക്കണമെന്നും അപേക്ഷിച്ചു.

**<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ</u>**

**GO(Ms)No.152/2021/Gedn** തീയതി **29.06.2021** പ്രകാരം റെഗുലർ സർവ്വീസിൽ മൂന്നു വർഷം പൂർത്തീകരിക്കുന്നവർക്ക് ഓപ്പൺ വേക്കൻസിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടാതെ, ഔട്ട് സ്റ്റേഷൻ സർവ്വീസിന്റെ ദൈർഘ്യത്തെ അടിസ്ഥാനപ്പെടുത്തി സ്ഥലം മാറ്റത്തിനു മുൻഗണന നൽകി വരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകൾക്ക് ആനുപാതികമായി അനുകമ്പാർഹ സ്ഥലം മാറ്റം, മുൻഗണനാ സ്ഥലം മാറ്റം എന്നിവ നടത്തുമ്പോൾ അത് ഒരു തസ്തികയിലെ ആ ജില്ലയിലുള്ള ആകെ ഒഴിവിന്റെ **50%**-ത്തിൽ അധികരിക്കാൻ പാടില്ലായെന്ന **GO(Ms)No.170/2023/Gedn** തീയതി **06.11.2023** ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ **Vocational instructor (ECG & AMT)** വിഭാഗത്തിൽ ഒരു ഒഴിവു മാത്രം ഉണ്ടായിരുന്നതിനാൽ ആ ഒഴിവ് ജനറൽ ട്രാൻസ്ഫർ വിഭാഗത്തിലെ അപേക്ഷകയായ ശ്രീമതി. ശ്യാമ. കെ. എസിന് അനുവദിക്കുകയും ശ്രീമതി സ്മിത. ടി. എസ്-ന് കോഴിക്കോട് ജില്ലയിലെ ഒഴിവിൽ ട്രാൻസ്ഫർ നൽകുകയുമാണ് ചെയ്തത്. അതിനാൽ

**GO(Ms)No.152/2021/GEdn** തീയതി **29.06.2021, G.O.(Ms)No.170/2023/GEdn** തീയതി **06.11.2023** പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർഥിച്ചു. ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകൾക്കാനുപാതികമായി അനുകമ്പാർഹ സ്ഥലം മാറ്റം, മുൻഗണനാ സ്ഥലം മാറ്റം എന്നിവ നടത്തുമ്പോൾ അത് ഒരു തസ്തികയിലെ ആ ജില്ലയിലുള്ള ആകെ ഒഴിവിന്റെ **50%** ത്തിൽ അധികരിക്കാൻ പാടില്ലായെന്ന വ്യവസ്ഥയുള്ളതിനാൽ അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി അപേക്ഷിക്കുന്ന അർഹരായ നിരവധി **Vocational instructor/VHSE** അധ്യാപകർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാതെ വരുന്നതായും ആയതിനാൽ സ്ഥലം മാറ്റം പരിഗണിക്കുമ്പോൾ അധ്യാപകരുടെയും ആശ്രിതരുടെയും ശാരീരിക അവശതകൾ മെഡിക്കൽ കണ്ടീഷൻ എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കണമെന്നും അത്തരം സ്ഥലംമാറ്റം സാധുവായ കാരണങ്ങളാലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തു ഭേദഗതി വരുത്തേണ്ടതാണെന്ന് **OP KAT 85/2024, 86/2024** കേസുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇടക്കാല നിർദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

**<u>ശ്രീമതി. ഷേർലി. കെ. സി (OA-1416/2025)</u>**

തൈക്കാട് ബധിരർക്കായുള്ള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ (ക്ലോത്തിങ് & എംബ്രോയിഡറി) ട്രേഡിൽ **Vocational Instructor** ആയി ജോലി ചെയ്തു വരുന്ന ശ്രീമതി ഷേർലി. കെ. സി **2025-26**-ൽ തിരുവനന്തപുരം ജില്ലയിലേക്ക് അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിക്കുകയും റാങ്ക് ലിസ്റ്റിൽ മൂന്നാമതായി വരികയും ചെയ്തിരുന്നു. ഏഴ് വയസ്സ് മാത്രമുള്ള തന്റെ മകൾക്കു നെഫ്രോട്ടിക് സിൻഡ്രോം എന്ന അസുഖത്തിനായി ചികിത്സ നടത്തി വരികയാണെന്നും ഇത്തരം രോഗമുള്ള കുട്ടികൾക്ക് രോഗപ്രതിരോധ ശക്തി കുറവായതിനാൽ പ്രത്യേക ശ്രദ്ധ ആവശ്യമാണെന്നും കൊല്ലം ജില്ലാ മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ കുട്ടിക്ക് തുടർച്ചയായി അസുഖം വരുന്നതിനാൽ പരിചരണം ആവശ്യമാണെന്നും ആയതിനാൽ അമ്മയെ സ്ഥലം മാറ്റത്തിൽ നിന്നും ഒഴിവാക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളതെന്ന് അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ, തന്റെ മൂത്ത മകൾ പത്താം ക്ലാസ്സിൽ പഠിക്കുന്നതിനാൽ ഈ സമയത്ത് സ്ഥലം മാറ്റം ചെയ്യുന്നത് തന്റെ മകളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ വർഷം കൂടിയെങ്കിലും നിലവിലെ സ്കൂളിൽ തുടരുന്നതിനു അനുമതി നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതേ ആവശ്യങ്ങളുമായി ശ്രീമതി ഷേർളിയുടെ മൂത്ത മകളും സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേസിലെ മൂന്നാം എതിർകക്ഷിയായ ശ്രീമതി ബിന്ദു. ജി. എസ് തനിക്കു ജോലി സംബന്ധമായി ഒരു ഇന്റർവ്യൂ-ൽ **Expert** ആയി പോകേണ്ടതിനാൽ

തനിക്കു ഹിയറിങ്ങിൽ പങ്കെടുക്കാൻ സാധിക്കില്ലായെന്നറിയിച്ച് **Argument** നോട്ട് സമർപ്പിച്ചിട്ടുണ്ട്. **Argument** നോട്ടിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

**<u>ശ്രീമതി. ബിന്ദു. ജി. എസ് (R3 - OA 1416/2025)</u>**

കാസർഗോഡ് കയ്യൂർ **GVHSS**-ൽ **Vocational instructor** ആയി മൂന്നു വർഷമായി സേവനമനുഷ്ഠിക്കുന്ന തനിക്ക് **2025-26** പൊതു സ്ഥലം മാറ്റ ഉത്തരവിൽ അലോട്ട്മെന്റ് ഡ്രാഫ്റ്റിൽ തിരുവനന്തപുരം തൈക്കാട് ബധിര **VHSE**-യിൽ റാങ്ക് **1** ഓപ്ഷൻ **1** ആയി സ്ഥലം മാറ്റം ലഭിച്ചതായും **11** വർഷമായി ടി സ്കൂളിൽ ജോലി ചെയ്തു വരുന്ന ശ്രീമതി ഷേർലി. കെ. സി-യെ **KPRGS Govt.VHSE**-യിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളതായും നിലവിൽ ആകെയുള്ള ഒരു ഒഴിവ് അനുകമ്പാർഹ സ്ഥലം മാറ്റത്തിന് പരിഗണിക്കുവാൻ സാധിക്കുകയില്ലായെന്നും എന്നാൽ പ്രസ്തുത സ്ഥലം മാറ്റ ഉത്തരവിനെതിരെ ടിയാൾ കേസ് ഫയൽ ചെയ്തതിനാൽ ആയതിൽ തീരുമാനമാകുന്നത് വരെ തന്റെ സ്ഥലം മാറ്റം തടഞ്ഞു വച്ചിട്ടുള്ളതാണെന്നും സ്ഥലം മാറ്റ പ്രക്രിയയിൽ ഉൾപ്പെടാതെ ശ്രീമതി. ഷേർലി ഒരേ സ്കൂളിൽ **11** വർഷമായി തുടരുന്നുവെന്നും ടി നടപടി ഹോം സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ലഭിച്ച തനിക്കു ബുദ്ധിമുട്ടുണ്ടാക്കുന്നതായും **Argument** നോട്ടിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ, ശ്രീമതി ഷേർളിയുടെ മകൾക്ക് ഡയാലിസിസ്, **Chronic** കിഡ്നി **disease**-ന്റെ ചികിത്സകൾ ഒന്നും മെഡിക്കൽ റെക്കോർഡിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും **26.08.2022**-നാണ് നെഫ്രോട്ടിക് സിൻഡ്രോം എന്ന അസുഖത്തിന് അവസാനമായി ചികിത്സ തേടിയതെന്നും **06.08.2025**-ന് വീണ്ടും **OP consultation** നടത്തുകയുണ്ടായെന്നും **2022** മുതൽ **2025** വരെ മെഡിക്കൽ റെക്കോർഡ്സിൽ **Off Drugs** എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പരാമർശിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ വാദങ്ങൾക്കെതിരെ ശ്രീമതി. ഷേർലി സമർപ്പിച്ച മറുപടിയിൽ **24.09.2014**-ലാണ് താൻ ജഗതി ബധിര **VHSE** യിൽ സേവനത്തിൽ പ്രവേശിച്ചതെന്നും **2018-19** വർഷത്തെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടാണ് താൻ അപേക്ഷ സമർപ്പിച്ചതെന്നും **maternity** ലീവ് ആയതിനാലും മറ്റു അപേക്ഷകർ ഇല്ലാതിരുന്നതിനാലും നിലവിലെ സ്കൂളിൽ തന്നെ നിയമനം ലഭിച്ചതായും **Covid** പശ്ചാത്തലത്തിൽ **2020-21, 2021-22** വർഷങ്ങളിൽ പൊതു സ്ഥലം മാറ്റത്തിനു അപേക്ഷ സമർപ്പിച്ചിരുന്നില്ലായെന്നും **2022-23** വർഷത്തിൽ മകളുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ അനുകമ്പാർഹ അടിസ്ഥാനത്തിൽ അതേ സ്കൂളിൽ തന്നെ തുടരാൻ കഴിഞ്ഞുവെന്നും ആയതിനാൽ സ്ഥലം മാറ്റ പ്രക്രിയയിൽ പെടാതെ തുടരുന്നുവെന്ന വാദം തെറ്റാണെന്നും മറു വാദത്തിൽ ശ്രീമതി ഷേർലി അറിയിച്ചിട്ടുണ്ട്.

**<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ</u>**

പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പ്രകാരം 2025-26-ൽ തിരുവനന്തപുരം ജില്ലയിൽ പൊതു സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ വൊക്കേഷണൽ ഇൻസ്ട്രക്ടർ (Clothing & Embroidery) ട്രേഡിൽ ഒരു ഒഴിവു മാത്രമാണുണ്ടായിരുന്നത്. ആയതിന്റെ 50% മാത്രമാണ് അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി മാറ്റി വച്ചിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകൾക്കാനുപാതികമായി അനുകമ്പാർഹ സ്ഥലം മാറ്റം, മുൻഗണനാ സ്ഥലം മാറ്റം എന്നിവ നടത്തുമ്പോൾ അത് ഒരു തസ്തികയിലെ ആ ജില്ലയിലുള്ള ആകെ ഒഴിവിന്റെ 50% അധികരിക്കാൻ പാടില്ലായെന്ന് GO(Ms)No.170/2023/Gedn തീയതി 06.11.2023 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഒരു ഒഴിവു മാത്രമുള്ളപ്പോൾ അനുകമ്പാർഹ വിഭാഗത്തിലുള്ളവർക്കു അത്തരം ഒഴിവിൽ ട്രാൻസ്ഫർ ലഭ്യമാക്കുവാൻ സാഹചര്യമില്ല. തിരുവനന്തപുരം ജില്ലയിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ (Clothing & Embroidery) ട്രേഡിൽ ഒരു ഒഴിവ് മാത്രമുണ്ടായിരുന്നതിനാൽ ആ ഒഴിവ് ജനറൽ ട്രാൻസ്ഫർ വിഭാഗത്തിലെ അപേക്ഷകയായ ശ്രീമതി. ബിന്ദു. ജി. എസ്-ന് അനുവദിക്കുകയും ശ്രീമതി ഷേർലി. കെ. സി-യെ കണ്ണൂർ, കല്യാശ്ശേരി KPRGS GVHSS-ലേക്ക് ട്രാൻസ്ഫർ നൽകുകയുമാണ് ചെയ്തത്.

3. G.O.(Ms)No.152/2021/GEdn തീയതി 29.06.2021 നമ്പർ ഉത്തരവ് പ്രകാരം റെഗുലർ സർവീസിൽ മൂന്നു വർഷം പൂർത്തീകരിക്കുന്നവർക്ക് ഓപ്പൺ വേക്കൻസിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടാതെ, ഔട്ട് സ്റ്റേഷൻ സർവീസിന്റെ ദൈർഘ്യത്തെ അടിസ്ഥാനപ്പെടുത്തി സ്ഥലം മാറ്റത്തിന് മുൻ ഗണന നൽകി വരുന്നു. OA-1404/2025 കേസിൽ ശ്രീമതി. സ്മിത. ടി. എസ്, ശ്രീമതി. ശ്യാമ.കെ.എസ് എന്നിവർക്ക് ഔട്ട് സ്റ്റേഷൻ സർവീസ് 10 വർഷത്തിലധികമുണ്ടെന്നും ഔട്ട് സ്റ്റേഷൻ സർവീസ് ശ്രീമതി സ്മിത. ടി. എസ്-നാണ് കൂടുതലെന്നും കാണുന്നു. ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകൾക്കാനുപാതികമായി അനുകമ്പാർഹ സ്ഥലം മാറ്റം, മുൻഗണനാ സ്ഥലം മാറ്റം എന്നിവ നടത്തുമ്പോൾ അത് ഒരു തസ്തികയിലെ ആ ജില്ലയിലുള്ള ആകെ ഒഴിവിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ലായെന്ന G.O.(Ms)No.170/2023/Gedn തീയതി 06.11.2023 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ Vocational instructor (ECG & AMT) വിഭാഗത്തിൽ ഒരു ഒഴിവു മാത്രമുണ്ടായിരുന്നതിനാൽ ആ ഒഴിവ് ജനറൽ ട്രാൻസ്ഫർ വിഭാഗത്തിലെ അപേക്ഷകയായ ശ്രീമതി. ശ്യാമ കെ. എസ്-ന് അനുവദിക്കുകയും ശ്രീമതി സ്മിത ടി. എസ്-ന് കോഴിക്കോട് ജില്ലയിലെ ഒഴിവിൽ ട്രാൻസ്ഫർ നൽകുകയുമാണ് ചെയ്തത്. ഹിയറിംഗിൽ ഉന്നയിച്ച വാദങ്ങളുടെയും ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ രണ്ടു കേസുകളും സർക്കാർ വിശദമായി പരിശോധിച്ചു ചുവടെ ചേർത്ത പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) കാൻസർ രോഗിയായ ശ്രീമതി സ്മിത ടി. എസ്-ന്റെ തുടർ ചികിത്സ

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്നു വരുന്നതിനാലും ശാരീരിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാലും തനിക്കു മറ്റൊരു ജില്ലയിൽ ജോലി ചെയ്യാൻ പ്രയാസമാണെന്നും പ്രായമായ മാതാപിതാക്കളും തന്നോടൊപ്പമാണെന്നും ഭർത്താവിന് അടുത്തിടെ ശസ്ത്രക്രിയ കഴിഞ്ഞതാണെന്നുമുള്ള സാഹചര്യങ്ങൾ പരിഗണിച്ച് ടിയാനെ ഇപ്പോൾ ജോലി ചെയ്തു വരുന്ന സ്കൂളിൽ നിലനിർത്തണമെന്ന ആവശ്യം പരിഗണിച്ച് മാനുഷിക പരിഗണന നൽകി ശ്രീമതി. സ്മിത ടി. എസ്-നെ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാൾ ഇപ്പോൾ ജോലി ചെയ്യുന്ന വർക്കല ഗവ. **VHSE**-യിൽ നിലനിർത്താവുന്നതാണ്.

**(ii)** **OA-1416/2025** കേസ് പരിഗണിക്കുമ്പോൾ, പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പ്രകാരം **2025-26**-ൽ തിരുവനന്തപുരം ജില്ലയിൽ പൊതു സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ വൊക്കേഷണൽ ഇൻസ്ട്രക്ടർ **(Clothing & Embroidery)** ട്രേഡിൽ ഒരു ഒഴിവു മാത്രമാണുള്ളത്. ആയതിന്റെ **50%** മാത്രമാണ് അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി മാറ്റി വച്ചിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകൾക്കാനുപാതികമായി അനുകമ്പാർഹ സ്ഥലം മാറ്റം, മുൻഗണനാ സ്ഥലം മാറ്റം എന്നിവ നടത്തുമ്പോൾ അത് ഒരു തസ്തികയിലെ ആ ജില്ലയിലുള്ള ആകെ ഒഴിവിന്റെ **50%**-ത്തിൽ അധികരിക്കാൻ പാടില്ലായെന്ന് **G.O.(Ms)No.170/2023/GEdn** തീയതി **06.11.2023** ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഒരു ഒഴിവു മാത്രമുള്ളപ്പോൾ അനുകമ്പാർഹ വിഭാഗത്തിലുള്ളവർക്കു അത്തരം ഒഴിവിൽ ട്രാൻസ്ഫർ ലഭ്യമാക്കുവാൻ സാധിക്കില്ല. തിരുവനന്തപുരം ജില്ലയിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ **(Clothing & Embroidery)** ട്രേഡിൽ ഒരു ഒഴിവ് മാത്രമുണ്ടായിരുന്നതിനാൽ ആ ഒഴിവ് ജനറൽ ട്രാൻസ്ഫർ വിഭാഗത്തിലെ അപേക്ഷകയായ ശ്രീമതി ബിന്ദു ജി.എസിന് അനുവദിക്കുകയും ശ്രീമതി ഷേർലി കെ.സി-യെ കണ്ണൂർ, കല്യാശ്ശേരി **KPRGS GVHSS**-ലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമാണുണ്ടായത്. ഏഴ് വയസ്സുള്ള തന്റെ മകളുടെ രോഗാവസ്ഥ സംബന്ധിച്ച് **2020** മുതൽ നെഫ്രോട്ടിക് സിൻഡ്രോം എന്ന അസുഖത്തിന് ചികിത്സായിലാണെന്നും **SAT** പോലുള്ള അപൂർവം ആശുപത്രികളിൽ മാത്രമേ ഈ രോഗത്തിന് ചികിത്സ ലഭിക്കുന്നുള്ളൂവെന്നും ഈ അസുഖത്തിന് വളരെയധികം ശ്രദ്ധയും പരിചരണവും ആവശ്യമാണെന്നും അല്ലായെങ്കിൽ കുട്ടിയുടെ ആരോഗ്യത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുമെന്നും ശ്രീമതി.ഷേർലി.കെ.സി അറിയിച്ചിട്ടുണ്ട്. കൂടാതെ, മൂത്ത മകൾ **10**-ാം ക്ലാസ്സിൽ പഠിക്കുന്നതിനാൽ കല്യാശ്ശേരി സ്കൂളിലേക്കുള്ള ട്രാൻസ്ഫർ കുട്ടിയുടെ പഠനത്തെ വളരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മാർച്ച് വരെയെങ്കിലും നിലവിലെ സ്കൂളിൽ നിലനിർത്താൻ വേണ്ട ഉത്തരവ് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുള്ളത് കണക്കിലെടുത്ത് മാർച്ച് മാസം വരെ ശ്രീമതി.ഷേർലി.കെ.സി-യെ ടിയാൾ ഇപ്പോൾ ജോലി ചെയ്യുന്ന ജഗതി ഗവൺമെന്റ് വി.എച്ച്.എസ്.എസ് ഫോർ ദ ഡെഫ്-ൽ തുടരാൻ അനുവദിക്കുന്നു.

4. മേൽപ്പറഞ്ഞ പ്രകാരം പരാമർശത്തിലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*

**Smt.Smitha T S, Vaishnavam, Maruthoorkonam, Payattuvila, Thiruvananthapuram-695501.**

**Smt.Sherly K C, Vattaparambil, Sherly Bhavan, Kottarakkara, Kokkadu, Kollam-691538**

**Smt.Bindu G S, Vocational Instructor (C&E), Government Vocational Higher Secondary School Kayur, Kasaragod-671313.**

വിവര- പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ് *(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
സെക്ഷൻ ഓഫീസർ
Date: 18-05-2026 14:59:34